From	30th January	1950	5 Judges
,,	September	1950	4 ,,
,,	9th August	1950	5 ,,
,,	10th January	1951	4 ,,
,,	10th February onwards	1951	5 ,,

The attention of the Hon'ble Member is invited to Section 7 of the High Court Act of 1125. From January 26th 1950 the Constitution of the High Court is governed by section 216 of the Constitution of India. The question of fixation of the maximum strength of the High Court is under consideration of the Government of India.

(*b*) Does not arise in view of the answer to (*a*).

(*c*) No (The implication in the question that number of cases in the High Court has enormously increased is not correct.)

ഒഴിവുദിവസങ്ങൾ

* ൧൨൪൬. (൫൨) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പ്രഖ്യാപിതങ്ങളല്ലാതെ ഓരോ സന്ദർഭങ്ങളിൽ ഗവൺമെൻറിൽ നിന്നും അനുവദിക്കുന്ന പബ്ലിക്ക് ഒഴിവുദിവസങ്ങൾ പൊതുജനങ്ങളേയും, വിദ്യാലയങ്ങൾ, കോടതികൾ ബാങ്കുകൾ മുതലായ സ്ഥാപനങ്ങളേയും ഔദ്യോഗികമായി അറിയിക്കുന്നത് ഏതുമാർഗ്ഗത്തിലാണ്; അതിനുള്ള ചുമതല വഹിക്കുന്ന ഡിപ്പാർട്ടുമെണ്ടോ ഉദ്യോഗസ്ഥനോ ആരാണ്;

(ബി) മഹാത്മജിയുടെ ചരമദിനമായ ജനുവരി ൩൦–ാംനു- ഒഴിവുദിവസമാണെന്ന അറിയിച്ചുകൊണ്ടുള്ള ഗവൺമെൻറ് ഗസറ്റ് ചേർത്തലയിലെ ഹൈസ്കൂളുകളിലും കോടതികളിലും കിട്ടിയത് അന്നു കാലത്തു് ൧൦ മണിക്ക് ശേഷമാണെന്നുള്ളത് ശരിയാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പ്രഖ്യാപിതങ്ങളല്ലാതെ ഓരോ സന്ദർഭങ്ങളിൽ ഗവൺമെൻറിൽ നിന്നും അനുവദിക്കുന്ന പബ്ലിക്ക് ഒഴിവുദിവസങ്ങൾ പൊതുജനങ്ങളേയും മറ്റും അറിയിക്കുന്നത് ഗസറ്റ്, പത്രങ്ങൾ ഇവ മുഖേനയാണ്. അതിൻെറ ചുമതലവഹിക്കുന്നത് സെക്രട്ടറിയേറ്റിലെ മിസ്സലേനിയസ് സെക്ഷനാണ്.

(ബി) ഗവൺമെൻറിനു യാതൊരറിവുമില്ല.

ഫുഡ് കൺട്രോൾ കമ്മിറ്റി

* ൧൨൪൭. (൫൮) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

൧൯൫൩–൫൪ സാമ്പത്തിക വർഷത്തിലേക്ക് സ്ഥാപിച്ചിട്ടുള്ള താലൂക്ക് ഫുഡ് ആൻറ് കൺട്രോൾ കമ്മിറ്റികളുടെ എത്ര യോഗങ്ങൾ കൂടിയിട്ടുണ്ട്; പ്രധാനമായി എന്തെല്ലാം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

൧൫൨ യോഗങ്ങൾ കൂടിയിട്ടുണ്ട്. ഭക്ഷ്യസംഭരണ വിതരണ കാര്യങ്ങളിൽ കമ്മിറ്റിയുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും പര്യാലോചിച്ച് അതാതു താലൂക്കുകളിൽ വേണ്ടതു ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly